പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1310

20.1.2014- ൽ
മറുപടിക്ക്

കയർ മേഖലയിലെ ആഭ്യന്തര വിപണന സാദ്ധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>,, അൻവർ സാദത്ത്<br>,, ഷാഫി പറമ്പിൽ<br>,, ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗ പ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ): കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യയിലുടനീളം ഷോറൂമുകളും വിൽപ്പനശാലകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 'കയർ കേരള' പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പങ്കെടുത്തും, 'ഒരു വീട്ടിൽ ഒരു കയറുല്ന്നം' പോലുള്ള പരസ്യങ്ങൾ നൽകിയും വൈവിധ്യവൽക്കരണ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചും ആഭ്യന്തര വിപണനം ശക്തമാക്കുകയാണ്. കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുവാൻ കയർഫെഡ് 50 പുതിയ ഏജൻസി ഷോറൂമുകൾ തുറക്കുകയും 2012-13-ൽ 32 എക്സിബിഷനുകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയും ഇത്തരത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.<br><br>2009 മുതൽ എല്ലാ വർഷവും ഓണനാളുകളുമായി ബന്ധപ്പെട്ട് 'ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം' എന്ന പരസ്യ പ്രചാരണം അച്ചടി-ദൃശ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചു. രാജ്യത്തിന്റെ പ്രമുഖ നഗരങ്ങളിൽ ബയർ-സെല്ലർ മീറ്റുകൾ നടത്തുകയുണ്ടായി. കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുക എന്നതു കൂടി ലക്ഷ്യമാക്കിക്കൊണ്ട് 'കയർ കേരള' എക്സിബിഷൻ ആലപ്പുഴയിൽ 2011, |

| | |
|---|---|
| | 2012, 2013 വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു. 2014 ലും കയർ കേരള സംഘടിപ്പിക്കുന്നു. |
| (ബി)ഈ ലക്ഷ്യം കൈവരിക്കുന്നതിന് കയറുൽപാദകർക്കും വ്യാപാരി-കൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കയറുല്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും വ്യാപാരികൾക്കും വിവിധ പ്രോത്സാഹന സഹായങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം നൽകി വരുന്നു. ഈ പദ്ധതി നടപ്പിൽ വരുത്തുന്നത് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖേനയാണ്. ഈ പദ്ധതി പ്രകാരം ഉല്പാദകരിൽ നിന്നും നിശ്ചിത വില നൽകി ഉല്പന്നങ്ങൾ സംഭരിച്ച് ഗുണമേന്മ ഉറപ്പു വരുത്തി ക്കൊണ്ട് വ്യാപാരികൾക്ക് കൃത്യമായി സഹായ വിലയ്ക്ക് ഉല്പന്നങ്ങൾ നൽകുന്നു. ഈ പദ്ധതിയിൽ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങൾക്ക് 3%, കയറ്റുമതിക്കാർക്ക് 7.5% എന്ന രീതിയിൽ ഇൻസെന്റീവും, കയർ കോർപ്പറേഷന് 3% സർവ്വീസ്ചാർജ്ജും സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നു. വിവിധ വ്യാപാര മേഖലകളിൽ പങ്കെടുത്തുകൊണ്ട് കയറുല്പന്നങ്ങൾക്ക് സ്വീകാര്യത നേടുന്നതിന് ശ്രമിക്കുന്നു. |
| സി) എത്രകോടി രൂപയുടെ ആഭ്യന്തരവിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | സി) ആഭ്യന്തര വിപണിയിൽ ഏകദേശം 2000 കോടി രൂപയുടെ വിപണനം കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എക്സിബിഷനുകൾ സംഘടി - പ്പിച്ചും, പങ്കെടുത്തും, പരസ്യം നൽകിയും ഷോറൂമുകളിലൂടെയും ഇത് പ്രാവർത്തിക മാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) കയറുൽപന്നങ്ങളുടെ വൈവിദ്ധ്യ വത്ക്കരണത്തിന് കയർ കോർപ്പ - റേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) പരമ്പരാഗത കയർ പായകൾ, ചവിട്ടി കൾ എന്നീ ഉല്പന്നങ്ങളോടൊപ്പം പുത്തൻ ശ്രേണി ഉല്പന്നങ്ങളായ റബ്ബർ മോൾഡഡ് കയറുല്പന്നങ്ങൾ, ടഫിങ്ങ് ഉല്പന്നങ്ങൾ, കയറുല്പന്നങ്ങളെ ആകർഷകമാക്കുന്നതിനുള്ള കയർ പ്രോസസ്സിംഗ് കേന്ദ്രങ്ങൾ ഇതോടൊപ്പം ഉപഉല്പന്നങ്ങളായ കയർ പിത്ത് ബ്രിക്കറ്റുകൾ, കയർ കമ്പോസ്റ്റ്, വളം എന്നിവ നിർമ്മിക്കുന്നതിനുള്ള പുതിയ ഫാക്ടറി മുതലായവ കയർ കോർപ്പറേഷൻ സ്ഥാപിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ